DESPATCHED
..13|3|2020

S.20(?)
31/01/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം


പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561614, 2561615, Fax: 0471-2330920
Email:- sic@kerala.nic.in


## ഹർജി നമ്പർ AP.No.441(5)/19/SIC

## തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം

## File No.2160/SIC-G7/2019

**സന്നിഹിത**

**ശ്രീമതി ശ്രീലത പി.ആർ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. കെ. സുകുമാരൻ നായർ,
ഇടവിളാകത്ത് വീട്,
മന്നാർ കോണം, 16-ാംകല്ല്,
ചുള്ളിമാനൂർ പി.ഒ, തിരുവനന്തപുരം. } അപ്പീൽഹർജിക്കാരൻ

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
**കരുപ്പൂർ വില്ലേജ് ഓഫീസ്,**
**തിരുവനന്തപുരം.**

**അപ്പീൽ അധികാരി ,**
**താലൂക്ക് ഓഫീസ്,**
**നെടുമങ്ങാട്.** } **എതിർകക്ഷികൾ**

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ തീയതി | 30.08.2018 |
| ഒന്നാം എതിർകക്ഷിയുടെ മറുപടി | --- |
| ഒന്നാം അപ്പീൽ | 30.10.2018 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 19.11.2018 |
| രണ്ടാം അപ്പീൽ | 12.02.2019 |
| ഹിയറിംഗ് തീയതി, സ്ഥലം | 04.10.2019, 16.11.2019, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം |
| എതിർകക്ഷി<br><br>അപ്പീൽഹർജിക്കാരൻ | ഹാജരായിരുന്നു<br><br>ഹാജരായിരുന്നു |

1. അപ്പീൽ ഹർജിക്കാരൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് ആവശ്യപ്പെട്ടത്, റിക്കവറി നോട്ടീസു പോലും ലഭിക്കാതെ എന്തടിസ്ഥാനത്തിലാണ് അപ്പീൽഹർജിക്കാരന്റെ വസ്തുവിന്റെ കരം സ്വീകരിക്കുവാൻ വിസമ്മതം അറിയിച്ചതും തണ്ടപ്പേർ രജിസ്റ്ററിൽ റിക്കവറി ഉണ്ടെന്ന് രേഖപ്പെടുത്തിയതും ഏത് രേഖയുടെ അടിസ്ഥാനത്തിൽ, ഭവന ബോർഡ് അടക്കം ഒരു ഏജൻസിയിൽ നിന്നും വായ്പ എടുക്കാത്ത ഹർജിക്കാരനോട് റിക്കവറി നോട്ടീസിനു ഭവന നിർമ്മാണ ബോർഡുമായി ബന്ധപ്പെടാൻ നിർദ്ദേശിച്ചത് ഏതു നിയമപ്രകാരമാണ് എന്നിവയാണ്.
2. പ്രസ്തുത അപേക്ഷയ്ക്ക് മറുപടി ലഭ്യമാകാത്തതിനെ തുടർന്ന് അപ്പീൽ ഹർജിക്കാരൻ ഒന്നാം അപ്പീൽ സമർപ്പിച്ചു. ഒന്നും രണ്ടും എതിർകക്ഷികളിൽ നിന്നും ആവശ്യപ്പെട്ട വിവരം ലഭ്യമാകാത്തതിനെ തുടർന്ന് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു.

3. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളേയും നേരിൽ കേൾക്കാൻ നിശ്ചയിച്ചു. നേർവിചാരണയ്ക്ക് ആദ്യ ഹിയറിംഗ് തീയതി ഹാജരായ അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ മൊഴി നൽകിയത് വിവരാകവാശ അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കുന്നില്ല എന്നും കമ്മീഷൻ ആവശ്യപ്പെട്ടതു പ്രകാരമുള്ള റിപ്പോർട്ട് ലഭ്യമായിട്ടില്ല എന്നുമാണ്.

4. ആദ്യ ഹിയറിംഗ് തീയതി കമ്മീഷൻ മുമ്പാകെ ഹാജരാകാതിരുന്ന ഒന്നാം എതിർകക്ഷിക്കെതിരെ സമൻസ് പുറപ്പെടുവിച്ചതിനെ തുടർന്ന് 16.11.2018 തീയതി കമ്മീഷൻ മുമ്പാകെ ഹാജരായ ഒന്നാം എതിർകക്ഷി അറിയിച്ചത്, അപ്പീൽഹർജിക്കാരന്റെ വിവരാവകാശ അപേക്ഷകൾക്ക് മറുപടി നൽകിയിരുന്നു എന്നും ടി അപേക്ഷ കാലഘട്ടത്തിൽ ശ്രീ. ജോജി ആയിരുന്നു സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ എന്നും ടിയാൻ ഇപ്പോൾ ബാലരാമപുരം വില്ലേജ് ഓഫീസിൽ ആണ് എന്നാണ്. ടി അപേക്ഷയുമായി ബന്ധപ്പെട്ട് കൂടുതലായി ഒന്നും തന്നെ ഒന്നാം എതിർകക്ഷി മൊഴി നൽകുകയോ കമ്മീഷൻ ആവശ്യപ്പെട്ടതു പ്രകാരമുള്ള റിപ്പോർട്ട് സമർപ്പിക്കുകയോ ഉണ്ടായില്ല.

5. അപ്പീൽ ഹർജിയും മറ്റ് അനുബന്ധരേഖകളും പരിശോധിക്കുമ്പോൾ, 1996 മുതൽ കരം ഒടുക്കി കൈവശം വച്ച വസ്തുവിലുള്ള കെട്ടിടത്തിൽ അപ്പീൽ ഹർജിക്കാരൻ താമസിച്ച് വരികയും റീസർവ്വെ പ്രകാരം സർവ്വെ 44/36-ാം നമ്പർ പ്രകാരം 37/652-ാം നമ്പർ തണ്ടപ്പേർ അനുസരിച്ച് 05.10 ആർ വസ്തുവിന് കരം ഒടുക്കുകയും എന്നാൽ 2018 -19 ലെ കരം ഒടുക്കുവാൻ ചെന്നപ്പോൾ കരം സ്വീകരിക്കാർ വിസമ്മതം അറിയിക്കുകയും ഉണ്ടായി. ഇതേ വിഷയവുമായി ബന്ധപ്പെട്ടാണ് അപ്പീൽ ഹർജിക്കാരൻ നിരവധി വിവരാവകാശ അപേക്ഷകളും അപ്പീലും ഒന്നും രണ്ടും എതിർകക്ഷികൾ മുമ്പാകെ സമർപ്പിക്കാൻ ഇടയായത് എന്ന് വ്യക്തം.

6. അപ്പീൽ ഹർജിക്കാരൻ മേൽ പരാമർശ വിഷയവുമായി ബന്ധപ്പെട്ട 11.06.2018, 16.07.2018, 30.08.2018 എന്നീ തീയതികളിൽ വിവരാവകാശ നിയമപ്രകാരം അപേക്ഷകൾ സമർപ്പിച്ചിരുന്നു എങ്കിലും ടി വിഷയവുമായി ബന്ധപ്പെട്ട് 30.08.2018 ൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയാണ് കമ്മീഷൻ നേരിൽ കേൾക്കാൻ തീരുമാനിച്ചിട്ടുള്ളത്. എന്നിരുന്നാലും മറ്റ് അപേക്ഷകളുടെ പ്രാധാന്യം മനസ്സിലാക്കി ഒരേ വിഷയമായതിനാൽ മറ്റ് രണ്ട് അപേക്ഷകളും കൂടി കമ്മീഷൻ പരിഗണിക്കുന്നു.

7. 11.06.2018 ലും 16.07.2018 ലും നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് അപൂർണമായൊരു മറുപടി നൽകിയതായി കാണുന്നുണ്ട് ഈ മറുപടികളിൽ ഒന്നും തൃപ്തനാകാതെയാണ് 30.08.2018 ൽ മറ്റൊരു വിവരാവകാശ അപേക്ഷ സമർപ്പിച്ചത് എന്നാണ് അപ്പീൽ ഹർജിക്കാരൻ വാദിക്കുന്നത്. എന്നാൽ പ്രസ്തുത അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷിയിൽ നിന്നും മറുപടി ലഭ്യമായിട്ടുമില്ല. തുടർന്ന് ടിയാൻ ഒന്നാം അപ്പീൽ സമർപ്പിച്ചതായും കാണുന്നുണ്ട്. എന്നാൽ അപ്പീൽ അധികാരി 11.06.2018 ൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയെ കുറിച്ച് പരാമർശിച്ചു കൊണ്ടാണ് ഒന്നാം അപ്പീൽ തീർപ്പാക്കിയത്.

8. വിവരാവകാശ നിയമപ്രകാരം 30.08.2018 ൽ സമർപ്പിച്ച അപേക്ഷയ്ക്ക് യാതൊരു മറുപടിയും ഒന്നാം എതിർകക്ഷിയിൽ നിന്ന് ലഭ്യമായിട്ടില്ല എന്ന് കമ്മീഷൻ വിലയിരുത്തുന്നു. മറ്റ് അപേക്ഷകൾക്ക് അപൂർണമാണെങ്കിലും മറുപടി നൽകിയിട്ടുള്ളതായി കമ്മീഷൻ നിരീക്ഷിക്കുന്നു. 30.08.2018 തീയതി സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് മറുപടി ലഭ്യമാകാതിരുന്ന ഒന്നാം എതിർകക്ഷിയുടെ നടപടി വിവരാവകാശ നിയമത്തിന്റെ ലംഘനവും ഗുരുതരമായ വീഴ്ചയുമായി കമ്മീഷൻ വിലയിരുത്തുന്നു. ഇപ്രകാരം വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ ക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20(1) പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ

കമ്മീഷൻ താൽക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയതു ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു മറുപടിയും ലഭിക്കുന്നില്ലെങ്കിൽ ടി എതിർകക്ഷിക്ക് യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ മേൽ വകുപ്പ് പ്രകാരമുള്ള അന്തിമ നടപടി സ്വീകരിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കാനുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ടതാണ്.

9. അപ്പീൽ ഹർജിക്കാരൻ ഒരേ വിഷയവുമായി ബന്ധപ്പെട്ട് സമർപ്പിച്ച മേൽ പരാമർശിത മൂന്ന് വിവരാവകാശ അപേക്ഷകൾക്കും ഈ ഉത്തരവ് കിട്ടി 7 ദിവസത്തിനുള്ളിൽടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ വ്യക്തവും കൃത്യവുമായി തയ്യാറാക്കി സൗജന്യമായി ടിയാന് അയച്ചു നൽകേണ്ടതാണെന്ന് ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു. കമ്മീഷൻ നിർദ്ദേശം നടപ്പിലാക്കി യഥാസമയം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണ്.

10. ഇപ്രകാരം ഈ അപ്പീൽഹർജി **ഇന്നേദിവസം 2020 ജനുവരി 31 –ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

(ഒപ്പ്)
**ശ്രീലത. പി. ആർ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION • KERALA, THIRUVANANTHAPURAM •

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി